പരേതരുടെ ഭൂമി

ചില സമയത്ത് അങ്ങനെയാണ്. ചിലരുടെ ഫോൺ വിളികൾ സമ്മാനിക്കുന്ന അസ്വസ്ഥതയ്ക്ക് വലിയ ആഴങ്ങളുണ്ട്. സകല സന്തോഷങ്ങളേയും അത് ദൂരേക്ക് തള്ളി മാറ്റും. പിന്നെ ആ ഫോൺ വിളിയുടെ അശാന്തത സമ്മാനിച്ച താളപ്പിഴകൾ ഏതാനും നിമിഷത്തേക്ക് കൂടി മനസിൽ തങ്ങി നിൽക്കും.

ഒരു ഫോൺ വിളി നൽകിയ ആകാംക്ഷയാണ് എന്നെയിപ്പോൾ വിമാനത്താവളത്തിൽ എത്തിച്ചിരിക്കുന്നത്. ജയപാലൻ പോയിട്ട് മൂന്നു മാസമേ ആയിട്ടുള്ളൂ. വീണ്ടും നാട്ടിലെത്തുന്നു എന്ന മകന്റെ ഫോൺ വിളിയാണ് അയാളിൽ അസ്വസ്ഥത സൃഷ്ടിച്ചത്.

വിഷാദം ഉവിയ മുഖങ്ങളുമായി ഡിപ്പാർച്ചർ എന്ന വിഭാഗത്തിൽ ഒന്നും പറയാനാവാതെ കാത്തു നിൽക്കുന്നവർ ഒരു ഭാഗത്ത്. തങ്ങളുടെ സമയമായാൽ അകത്തേക്ക് പ്രവേശിക്കാൻ തയ്യാറായി നിൽക്കുന്നവർ.നിങ്ങളെപ്പിരിയുന്നതിൽ എനിക്ക് വിഷമമില്ല എന്ന ബോധ്യപ്പെടുത്താനായി യാത്രക്ക് തയ്യാറായി നിൽക്കുമ്പോഴും സംസാരിച്ചു കൊണ്ടേയിരിക്കുന്നവർ . അവരെ ചുറ്റിപ്പറ്റി നിൽക്കുന്ന ഏറ്റവും അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും.

അടുത്ത തവണ വരുമ്പോൾ കൊണ്ടുവരേണ്ട സാധനങ്ങളെക്കുറിച്ച് വാചാലമാകുന്ന ബന്ധുക്കളുമുണ്ട്. ഇനി വേറൊരു കൂട്ടരുണ്ട്. ചെയ്തു തീർക്കേണ്ട കാര്യങ്ങളുടെ നീണ്ട പട്ടിക നിവർത്തി ഒരിക്കൽക്കൂടി ദീർഘ സംഭാഷണത്തിന് മുതിരുന്നവർ. എല്ലാവരേയും കേട്ട്  യാത്രപോകാൻ തയ്യാറായി നിൽക്കുന്ന ചിലരുടെയെങ്കിലും മുഖം ദുഃഖം കൊണ്ട് കരി വാളിച്ചിരിക്കുന്നു. ഒന്നും മിണ്ടാതെ പ്രിയപ്പെട്ടവരുടെ ഓരം ചേർന്ന് നിൽക്കുന്ന ചില സ്ത്രീകളുണ്ട്. അവർ വിങ്ങുന്ന മനസുമായി അവരെ യാത്രയാക്കാനെത്തിയവരാണ്. ആരുടേയും മുഖത്തേക്ക് നോക്കാൻ ശേഷിയില്ലാതെ ഭാരമുള്ള പെട്ടിയുമായ് കാത്തു നിൽക്കുന്ന ആണുങ്ങൾ..

അപ്പുറത്ത് തിളങ്ങുന്ന കണ്ണുമായി പൊട്ടിച്ചിരിച്ചും തമ്മിൽ ചേർത്തുപിടിച്ചും ആരോടൊക്കെയോ ഉറക്കെ സംസാരിച്ചു കൊണ്ടിരിക്കുന്ന വേറെ ചിലരുണ്ട്. അവർ അറൈവൽ എന്ന് ഇംഗ്ലീഷിലെഴുതിയ ബോർഡിനു താഴെ കൂട്ടം കൂടി നിൽക്കുന്നവരാണ്. വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിൽ തങ്ങൾക്ക് പ്രിയപ്പെട്ടവരെ അടുത്തു കിട്ടാൻ പോകുന്നതിന്റെ സന്തോഷം അവരുടെ മുഖത്ത് കാണാം. ചിരിയ്ക്കുന്ന മുഖം മാത്രം. ബഹളം നിറഞ്ഞ അന്തരീക്ഷം. ആരുടേയും മുഖത്ത് വിഷാദമില്ല. സന്തോഷത്തിന്റെ പ്രകാശം സ്ഫുരിക്കുന്ന മുഖങ്ങൾ.

വിമാനത്താവളത്തിൽ ഒരേ സ്ഥലത്തിരുന്നാൽ രണ്ട് കാഴ്ചകളും കാണാനാകും. രണ്ട് തരം ആളുകളേയും ശ്രദ്ധിക്കാനാകും.രണ്ടു കൂട്ടരിൽപ്പെട്ടവരിലെ ചിലർ ഒരുമിച്ച് ദൂരെ മാറി നിൽക്കുന്ന ഇടവുമുണ്ട്. എല്ലാവരും കാത്തിരിക്കുകയാണ്.  അതെ എല്ലാവരും . ചിലർ യാത്രയാക്കാൻ മറ്റു ചിലർ സ്വീകരിക്കാൻ . ഞാനും കാത്തിരിക്കുകയാണ്. ഓരോ  വിമാനം വന്നു കഴിയുമ്പോഴും നല്ല തിരക്കാണ്. ശബ്ദങ്ങൾ വല്ലാതെ നിറയും.

വീട്ടിൽ നിന്ന് വരുമ്പോൾ രേണുക പറഞ്ഞതാണ് രാത്രി ഉറക്കമിളക്കേണ്ട വേറെയാരെങ്കിലും പോവില്ലേയെന്ന്. ആരു വരാനാണ്. ജയപാലന്റെ ബന്ധുക്കളാരും ഇവിടെയില്ലല്ലോ. കഴിഞ്ഞ തവണ യാത്രയാക്കുമ്പോൾ എന്നോട് പറഞ്ഞതായിരുന്നു ' 'അടുത്ത തവണയും എന്നെ വിളിക്കാൻ വരുമ്പോൾ വേറാരും വേണ്ട. രവീന്ദ്രൻ മാത്രം മതി'

. അതെ ഞാൻ മാത്രം വന്നിരിക്കുന്നു. എപ്പോഴും അങ്ങനെയാണ്. പക്ഷെ ഇത്തവണ ജയപാലന്റെ മകന്റെ ഫോൺ കോളാണ് മനസിൽ അസ്വസ്ഥതയുണ്ടാക്കിയിരിക്കുന്നത്. ഇന്നേവരെ ഒറ്റത്തവണ പോലും മകന്റെ കൂടെ ജയപാലൻ വന്നിട്ടില്ല.

ഞാൻ എവിടെയാണ് കാത്തുനിൽക്കുക. എന്റെ ആരാണ് ജയപാലൻ. അതൊരു നീണ്ട കഥയാണ്.

പണമുണ്ടാക്കണമെന്ന് തീരെ ആഗ്രഹമില്ലാത്ത ഒരാൾ . അതെ 'സമയം

പണമില്ലാത്തതിന്റെ പേരിൽ ജീവിതത്തിൽ ഒറ്റപ്പെട്ടു പോയ ഒരാൾ. രണ്ടും ജയപാലന്റെ ജീവിതത്തിൽ സംഭവിച്ചു. ജീവിതത്തോടുള്ള അടങ്ങാത്ത അഭിനിവേശം ഗൾഫ് രാജ്യത്തെത്തിച്ചു. രണ്ടു മക്കളെയും വിദ്യാഭ്യാസം ചെയ്യിച്ചു. ജോലി ശരിയാക്കി. നഗരത്തിൽ നല്ലൊരു ഫ്ലാറ്റ് വാങ്ങി. ഇതെല്ലാം സംഭവിച്ചത് ഗൾഫ് യാത്രക്കു

ശേഷം . പക്ഷെ അതിനു മുമ്പ് തന്റെ എല്ലാമായ ഭാര്യ ഇന്ദിരയെ നഷ്ടപ്പെട്ടത്. സ്വന്തമായുണ്ടായിരുന്ന വീടും സ്ഥലവും വിറ്റത്. നാട്ടിലെ പ്രമാണിമാർക്ക് മുമ്പിൽ കടക്കാരനായത്. എല്ലാം ഒന്നിനുപിറകെ ഒന്നായി സംഭവിക്കുകയായിരുന്നു. ചെറുപ്പത്തിൽ വിദ്യാസമ്പന്നനായിരുന്നുവെങ്കിലും സർക്കാർ ജോലിക്ക് കാത്ത് നിൽക്കാതെ ജയപാലൻ മറ്റ് ജോലികൾക്ക് പോയിത്തുടങ്ങിയിരുന്നു. പഠിക്കുന്ന കാലത്തെ ഒഴിവു ദിവസങ്ങളിൽ പണിക്ക് പോയി കുടുംബം നോക്കിയിരുന്ന ജയപാലൻ എല്ലാവർക്കും അത്ഭുതമായിരുന്നു. നാടുവിട്ടു മലേഷ്യയിൽ ജോലിക്ക് പോയ അച്ഛൻ കാര്യമായൊന്നും സമ്പാദിച്ചിരുന്നില്ല. ഒരു ചെറിയ വീട് വച്ചതും കുടുംബത്തെ അല്ലലില്ലാതെ നോക്കിയതും അച്ഛനായിരുന്നു. പിന്നീട് ജയപാലൻ പത്താം ക്ലാസിലെത്തിയപ്പോഴേക്കും അച്ഛൻ പണമൊന്നും അയക്കാതായി. അവിടെ വേറെ സ്ത്രീയെ വിവാഹം കഴിച്ച് വർഷങ്ങളോളം കഴിഞ്ഞു. അമ്മ മടിച്ചു നിൽക്കാതെ ചെറിയ ജോലികൾക്ക് പോയി. അക്കാലത്ത് ജയപാലൻ എന്നോട് പറയുമായിരുന്നു.

"രവീന്ദ്രാ ജീവിതത്തിൽ തോറ്റുകൊണ്ടേയിരിക്കുന്ന എന്നെ ജയപാലൻ എന്നു പേരിട്ടതാരാണ്."

എനിക്ക് സങ്കടം വരുമായിരുന്നു അവന്റേതായ പ്രശ്നങ്ങളൊന്നും എനിക്കില്ലായിരുന്നു. ജയപാലൻ ജോലിക്ക് പോയിത്തുടങ്ങി. പഠനം ഉപേക്ഷിക്കാൻ അമ്മ സമ്മതിച്ചില്ല. ഡിഗ്രി വരെ പഠിച്ചപ്പോഴേക്കും ജീവിതത്തിന്റെ ബാധ്യതകൾ ഏറി വന്നു. പഠിപ്പ് നിർത്തി. രണ്ട് അനിയൻമാരെ പഠിപ്പിച്ചു. ജോലിയാക്കി. ഇതിനിടെ വിവാഹം കഴിച്ചു. രണ്ടു മക്കളുണ്ടായി. സന്തോഷം തിരിച്ചു വന്നുകൊണ്ടിരിക്കെ ജീവിതം മെല്ലെ പച്ചപിടിച്ചുവെന്ന് തോന്നിത്തുടങ്ങിയ നാളുകൾ. വർഷങ്ങൾ പോയപ്പോഴേക്കും ദുരന്തം മറ്റൊരു രൂപത്തിൽ ജയപാലനെ പിന്തുടർന്നു. ഭാര്യക്ക് തല കറക്കം സ്ഥിരമായി. .തലച്ചോറിൽ രക്തം കട്ടപിടിച്ച് വന്ന അസുഖം . ചികിത്സക്ക് പലരിൽ നിന്നും പണം കടം വാങ്ങേണ്ടിവന്നു. സ്വകാര്യ ആശുപത്രിയിൽ മികച്ച ചികിത്സ നടത്താൻ ജയപാലന്റെ കയ്യിൽ പണമുണ്ടായിരുന്നില്ല. മറ്റുള്ളവരിൽ നിന്നും വാങ്ങിയ പണം കൊടുക്കാനും ചികിത്സക്ക് പണം കണ്ടെത്താനുമായി വീടും സ്ഥലവും വിൽക്കേണ്ടി വന്നു. അനിയൻമാർക്ക് ഇക്കാര്യത്തിൽ തീരെ താൽപ്പര്യമുണ്ടായിരുന്നില്ല. രജിസ്ട്രർ ഓഫീസിൽ വച്ച് ഒപ്പിടാൻ നേരം അത് പറയുകയും ചെയ്തു.

. "എല്ലാം ചേട്ടനങ്ങ് ഒറ്റക്ക് തീരുമാനിക്കുകയല്ലേ . പുറത്തേക്ക് നാണക്കേട് കൊണ്ട് ഞങ്ങൾക്ക് ഇറങ്ങി നടക്കാൻ വയ്യാ . കടം വാങ്ങിയവരുടെ മുമ്പിലകപ്പെടാതെ നടക്കാൻ പ്രയാസമായിരിക്കുന്നു. ഇതോടെ എല്ലാം തീരുമല്ലോ."

പിന്നെ അവരേയും കണ്ടില്ല. വർഷങ്ങൾ കഴിഞ്ഞിട്ടും അവർ നാട്ടിലേക്ക് വന്നില്ല. ആദ്യം രണ്ടു പേരും എവിടെയാണെന്നു പോലുമറിയില്ലായിരുന്നു. ഒരാൾ ആന്ധ്രയിൽ ഹോട്ടൽ ബിസിനസ്സ് ആണെന്നും മറ്റൊരാൾ മുബൈയിൽ വ്യവസായി ആയി മാറിയെന്നും ജയപാലൻ പലരിൽ നിന്നുമായി പിന്നീട് അറിഞ്ഞിരുന്നു. ഇതിനിടെ ഫ്ളാറ്റിലേക്ക് താമസം മാറ്റിയിരുന്നു. രണ്ട് വർഷം കഴിഞ്ഞതോടെ ഭാര്യ മരിച്ചു. ജീവിതത്തിൽ പണമില്ലാതെയായിപ്പോയതിന്റെ പേരിൽ മാത്രം ഒറ്റപ്പെട്ടു പോയ ജയപാലൻ പിന്നീട് ഗൾഫിലേക്ക് പോകുകയായിരുന്നു. പോകുന്നതിന് മുമ്പ് പറഞ്ഞു.

" രവീന്ദ്രാ മക്കൾക്ക് രണ്ടാൾക്കും ജോലി വേണം. ബാക്കിയായ കടങ്ങളൊക്കെ വീട്ടുകയും വേണം. എന്റെ ആഗ്രഹമാണ്."

പറഞ്ഞപോലെ കാര്യങ്ങൾ നടന്നു. മക്കളെ രണ്ടാളെയും ഗൾഫിൽ തന്നെ നല്ല ജോലി ശരിയാക്കി. നഗരത്തിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ഫ്ലാറ്റ് സ്വന്തമാക്കി. ഇടയ്ക്ക് വരുമ്പോൾ ജീവിതം ആഘോഷമാക്കി. ഒറ്റക്കു തന്നെ തുടർന്നു. പക്ഷെ പലരേയും കൈ മറന്ന് സഹായിച്ചു. പണമില്ലാത്തതിനാൽ ജീവിതം വഴിമുട്ടിയവരെ കണ്ടെത്തി പണം നൽകി സഹായിച്ചു. എത്രയോ പേർ ജയപാലന്റെ സഹായത്താൽ മാത്രം ജീവിതത്തെ മനോഹരമാക്കി. അന്നും ഇന്നും ജയപാലന്റെ കൂട്ടാണ് ഞാൻ. കഴിഞ്ഞ തവണ വന്നപ്പോൾ അയാൾ പറഞ്ഞു.

"ഒന്നുമില്ലായ്മയിൽ നിന്ന് ജീവിതത്തെ തിരിച്ചു പിടിക്കുന്നതാണ് ജയമെങ്കിൽ ഞാൻ ജയപാലൻ തന്നെയല്ലേ"

ഞങ്ങളന്ന് ഒരു പാട് ചിരിച്ചു.
വന്നുകൊണ്ടിരിക്കുന്ന വിമാനങ്ങളുടെ പേരുകൾ ചുവന്ന അക്ഷരത്തിൽ സ്ക്രീൻ ബോർഡിൽ തെളിഞ്ഞു കൊണ്ടിരുന്നു. ജയപാലന്റെ കൂടെ ഇത്തവണ മകനുള്ളതാണ് ഒരാശ്വാസം. എന്നിട്ടും എന്നോട് വരാൻ

പഞ്ഞതെന്തിനാണെന്ന് അറിയില്ല. മകനാണ് ഇത്തവണ  എന്നെ ഫോണിൽ വിളിച്ചതും എന്ന പ്രത്യേകതയുമുണ്ട്. ചിലപ്പോൾ ജയപാലൻ വിളിപ്പിച്ചതായിരിക്കും.

ഞാനും അച്ഛനും വരുന്ന രാത്രി ഏഴുമണിക്ക് രവിയേട്ടൻ എയർപോർട്ടിൽ വരാമോ എന്നായിരുന്നു ചോദിച്ചത് അതിനെന്താ വരാമല്ലോ എന്ന് മറുപടിയും പറഞ്ഞു. സമയം ഏഴരയായി . അവർ വരുമെന്നു പറഞ്ഞ വിമാനം എത്തിയിരിക്കുന്നു. എല്ലാവരും പ്രവേശന കവാടത്തിലൂടെ ചിരിച്ച് വന്നുകൊണ്ടിരിക്കുന്നു.  നീല ചുരിദാറിട്ട പെൺകുട്ടി ഒരു ചെറുപ്പക്കാരന്റെ കൈ അമർത്തിപിടിച്ച് അകത്തേക്ക് ഒറ്റുനോക്കുന്നു.

എല്ലാവരും പുറത്തിറങ്ങി എന്ന് തോന്നുന്നു. ആളുകളുടെ വരവ് കുറഞ്ഞിരിക്കുന്നു.അവർ രണ്ടു പേരും മാത്രം ഇനിയും വന്നില്ല. ഇനി എനിക്ക് തെറ്റിയോ . ഏഴു മണിക്ക് ഖത്തറിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള വിമാനത്തിൽ അവരുണ്ട്. എന്നിട്ട് എവിടെയാണവർ. എന്റെ കണ്ണിൽപ്പെടാതെ അവർ പുറത്തിറങ്ങിയോ . മകന്റെ  ഫോണിൽ വിളിച്ചു നോക്കി. അത് സ്വിച്ച് ഡ് ഓഫാണ്. . കാത്തിരിപ്പിന് ദൈർഘ്യമേറിയപ്പോൾ മനസ് കാടു കയറാൻ തുടങ്ങി. ആരെങ്കിലും എന്നെ പറ്റിച്ചതായിരിക്കുമോ . ദൂരെ നിന്ന് നോക്കിയപ്പോൾ ഒരാൾ നടന്നു വരുന്നത് കണ്ടു. മുമ്പിൽ ഒരു നീണ്ട പെട്ടിയുമുണ്ട്. ഇത്തവണ ലഗേജ് കൂടുതലുണ്ടായിരിക്കും.

ദൂരെ നിന്നു കണ്ട ആൾ അടുത്തെത്തി. അത് ജയപാലനല്ല. അയാൾ ഗെയ്റ്റ് കടന്ന് പുറത്തേക്ക് പോയി. രവീന്ദ്രൻ കസേരയിലിരുന്നു. ജയപാലനും മകനും ഉടനെത്തുമായിരിക്കും.

പെട്ടെന്ന് ഒരു ഫോൾ കാളെത്തി. ജയപാലന്റെ മകന്റേതാണ്

"നിങ്ങളെവിടെയാണ്"

"ഞാൻ പുറത്തേക്കുള്ള കവാടത്തിന്റെ മുമ്പിൽ "

"എങ്ങനെ തിരിച്ചറിയും"

"  ജയപാലന് എന്നെ അറിയാമല്ലോ"

"അതല്ല ഞാനെങ്ങനെ തിരിച്ചറിയും"

"ഇളം പച്ച ഷർട്ടും വെളുത്ത മുണ്ടും കണ്ണടയും ധരിച്ച ആൾ"

"ദാ ഞാനിവിടെത്തന്നെയുണ്ട്"

തൊട്ടുപിന്നിൽ ഒരു ചെറുപ്പക്കാരൻ. ജയപാലന്റെ മകനാണ്.

" അച്ഛനെവിടെ"

"എനിക്കൊന്നും പറയാൻ നേരമില്ല"

" എന്തുപറ്റി"

"തിരിച്ചുള്ള വിമാനം ഇപ്പോൾ പുറപ്പെടും. അതിൽ പോയില്ലങ്കിൽ വിചാരിച്ചതൊന്നും നടക്കില്ല,"

"എനിക്കൊന്നും മനസിലുന്നില്ലല്ലോ. ജയപാലനെവിടെ"

" അച്ഛൻ നമ്മെ വിട്ടു പോയി. ചേട്ടനെ അറിയിക്കാൻ കഴിഞ്ഞില്ല."

രവീന്ദ്രന്റെ മനസിൽ തീയാളി.

"ഇന്നേക്ക് നാലു ദിവസമായി മരിച്ചിട്ട്. എന്റെ കമ്പനിയിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കേണ്ട ദിനമാണ് നാളെ. മാർച്ച് മുപ്പത്തിയൊന്ന്. ഞാനാണ് ഇന്റർനാഷണൽ മീറ്റിംഗിൽ വിഷയം അവതരിപ്പിക്കേണ്ടത്. കമ്പനിയോട് ഞാൻ പരമാവധി റിക്വസ്റ്റ് ചെയ്തു നോക്കി. അവർ പെർമിഷൻ  തന്നില്ല. അപ്പോൾ ഞാൻ ഇന്നുതന്നെ റിട്ടേൺ ടിക്കറ്റ് ബുക്ക് ചെയ്തു. "

"ഇങ്ങോട്ടു തിരക്കിട്ട് വന്നതെന്തിനാണെന്ന് മനസിലായില്ല"

"എല്ലാം ഈ കടലാസിലുണ്ട് അച്ഛൻ നിങ്ങൾക്കായി എഴുതി വച്ച കത്ത്. എന്തെങ്കിലും കൂടുതലറിയാനുണ്ടെങ്കിൽ എന്നെ ഫോണിൽ വി ളിച്ചാൽ മതി. ഇനി ഞാൻ ഇവിടെ നിന്നാൽ പ്രശ്നമാകും. ഒ.കെ ബൈ"

അയാൾ കൈ വീശി വിമാനത്താവളത്തിനകത്തേക്ക് തന്നെ വേഗത്തിൽ തിരിച്ചുനടന്നു. കയ്യിലുള്ള കവർ പൊട്ടിച്ച് വായിച്ചു നോക്കി.

'പ്രിയപ്പെട്ട രവിക്ക് . രോഗം കലശലാണ്. ഇനിയും എത്ര കാലം ജീവിക്കുമെന്ന് യാതൊരുറപ്പുമില്ല. അതുകൊണ്ടാണ് ഇങ്ങനെ ഒരു കുറിപ്പ് തയ്യാറാക്കി വച്ചത്.ഞാൻ മരിച്ചാൽ മൃതശരീരം എന്റെ നാട്ടിൽ കൊണ്ടുവരണമെന്ന് മക്കളോട് പറഞ്ഞിട്ടുണ്ട്. അവിടെയെത്തിയാൽ നിനക്ക് ഈ കുറിപ്പ് നൽകണമെന്നും. ഈ രണ്ടാവശ്യങ്ങളാണ് ഞാൻ എന്റെ ജീവിതത്തിൽ ആദ്യവും അവസാനവുമായി മക്കളോട് ആവശ്യപ്പെടുന്നത്. പിന്നെ എനിക്ക് നിന്നോട് പറയാനുള്ളത് എന്റെ ശരീരം നമ്മുടെ നാട്ടിലെ മണ്ണിൽ അടക്കം ചെയ്യണമെന്നാണ്. സ്വന്തമായി ഒരു തരി മണ്ണ് എനിക്കില്ലന്ന് രവിക്കറിയാമല്ലോ ഫ്ലാറ്റിൽ ജീവിച്ച എനിക്ക് അതത്ര ആവശ്യമായി തോന്നിയിരുന്നില്ല. പക്ഷെ ഇപ്പോൾ തോന്നുന്നു സ്വന്തമായി ഒരു തരി മണ്ണിലാത്തവർ അനാഥരാണെന്ന് . ഞാൻ എന്റെ മണ്ണിനെ ഓർക്കുന്നു. ശരീരം പൊതു ശ്മശാനത്തിൽ അടക്കം ചെയ്യേണ്ടതില്ല. നാട്ടിലെ ഫ്ലാറ്റ് നിന്റെ പേരിൽ എഴുതിയിട്ടുണ്ട് ഗൾഫിലെ സ്വത്ത് മക്കളുടെ പേരിലും. അക്കൗണ്ടിൽ കുറച്ച് തുകയുണ്ട്. അതിന്റെ നോമിനി നീയാണ്. ആ തുകയെടുത്ത് 50 വീടുകൾ പണിയണം. സ്വന്തമായി വീട്ടില്ലാത്തവർക്ക് 5 സെന്റ് സ്ഥലം വാങ്ങി വീട് വച്ച് കൊടുക്കണം. അതിൽ ആരുടേയെങ്കിലും ഒരാളുടെ ഭൂമിയിൽ എന്നെ അടക്കം ചെയ്യണം.

സ്നേഹപൂർവം ജയപാലൻ'

കത്ത് വായിച്ചപ്പോഴേക്കും അയാൾ തളർന്നിരുന്നു. പെട്ടെന്ന് മകന്റെ ഫോൺ കാൾ വന്നു.

"ബോഡി എല്ലാ നടപടികളും പൂർത്തിയാക്കി ഉടൻ വിട്ടു കിട്ടും. മൃതദേഹം ഏറ്റുവാങ്ങാൻ ആവശ്യമായ സ്ഥലത്തെല്ലാം ഞാൻ ഒപ്പിട്ട് കൊടുത്തിട്ടുണ്ട്. എന്റെ വിമാനം ഉയരാൻ പോവുകയാണ്. ബൈ ഇനി എന്നെ വിളിച്ചാൽ കിട്ടണമെന്നില്ല."

അയാൾ വീണ്ടും കാത്തിരിപ്പ് തുടർന്നു.    ജയപാലൻ ഇപ്പോൾ വരും.